# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2235

## 05.02.2018 ലെ മറുപടിക്ക്

## നിയോജകമണ്ഡല ആസ്തി വികസന ഫണ്ട്

| ചോദ്യം<br>ശ്രീ.സി. കെ. ശശീന്ദ്രൻ | | ഉത്തരം<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ഏതെല്ലാം സ്ഥാപനങ്ങൾക്ക് വാഹനങ്ങൾ വാങ്ങാൻ നിലവിൽ വ്യവസ്ഥയുണ്ട് എന്ന് അറിയിക്കാമോ; | സ.ഉ.(പി) നം. 178/2016/ധന. തീയതി 09.12.2016, സ.ഉ.(പി) നം. 60/2017/ധന തീയതി 08.05.2017 എന്നിവ പ്രകാരം സർക്കാർ സ്കൂളുകളിലെയും സർക്കാർ കോളേജുകളിലെയും വിദ്യാർത്ഥികളുടെ യാത്രസൗകര്യം മെച്ചപ്പെടുത്തുന്നതിനായി ആസ്തി വികസന ഫണ്ടുപയോഗിച്ച് വാഹനം വാങ്ങി നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സർവ്വകലാശാലകളുടെ കാമ്പസുകളിൽ സ്ഥിതി ചെയ്യുന്ന കോളേജുകൾക്ക് ബസ് വാങ്ങാൻ ആസ്തി വികസന ഫണ്ട് ഉപയോഗിക്കാൻ കഴിയുമോ; | നിലവിൽ അനുമതിയില്ല. |
| (സി) | നിയോജകമണ്ഡലം ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ചെക്ക് ഡാമുകൾ നിർമ്മിക്കാൻ അനുമതിയുണ്ടോ; സംസ്ഥാന മണ്ണ് സംരക്ഷണ വകുപ്പിനെ ചെക്ക് ഡാം നിർമ്മിക്കുന്നതിനുള്ള നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തുന്നതിന് തടസ്സമുണ്ടോ? | നിയോജകമണ്ഡലം ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ചെക്ക് ഡാമുകൾ നിർമ്മിക്കാൻ അനുമതിയുണ്ട്. എന്നാൽ സംസ്ഥാന മണ്ണ് സംരക്ഷണ വകുപ്പിനെ ചെക്ക് ഡാം നിർമ്മിക്കുന്നതിനുള്ള നിർവ്വഹണ ഏജൻസിയായി ചുമതലപ്പെടുത്തുന്നത് നിലവിൽ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ